**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4546** **19-03-2025 - ൽ മറുപടിയ്ക്ക്**

**പൈലറ്റ്, ഡ്രോൺ പൈലറ്റ് കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പൈലറ്റ്, ഡ്രോൺ പൈലറ്റ് കോഴ്സുകൾ പഠിക്കുന്നതിന് വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) | രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി നടത്തുന്ന കൊമേഴ്ഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിന് വിങ്സ് എന്ന പദ്ധതി മുഖേന സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു. ഈ പദ്ധതിയിലൂടെ 3 പട്ടിക ജാതി വിദ്യാർത്ഥികൾക്കും 2 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും 1 ഒ.ഇ.സി വിദ്യാർത്ഥിക്കും ഓരോ അധ്യയന വർഷവും സ്കോളർഷിപ്പ് അനുവദിക്കുന്നു. നിലവിൽ ഇരുത്തിയാറര ലക്ഷത്തോളം രൂപയാണ് കോഴ്സ് ഫീസായി ഒരു വിദ്യാർത്ഥിക്ക് ഗഡുക്കളായി അനുവദിക്കുന്നത്. |
| (ബി) | അത്തരത്തിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | 17 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ 14പട്ടിക ജാതി വിദ്യാർത്ഥികൾ പരിശീലനം പൂർത്തിയാക്കുകയും, 3 വിദ്യാർത്ഥികൾ പരിശീലനം നടത്തി വരുന്നു. സ്കോളർഷിപ്പ് അനുവദിച്ച മൂന്ന് പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പരിശീലനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ